സെക്രട്ടറി 4226/2024

ചെറുവണ്ണൂര് ഗ്രാമപഞ്ചായത്ത്

ഇന്റേണല് വിജിലൻസ് ഓഫീസർ

എൽ.എസ്.ജി.ഡി

സർ ,

വിഷയം- ചെറുവണ്ണൂര് ഗ്രാമപഞ്ചായത്ത് വാർഡ് 11ൽ സ്കൂള് കിച്ചൺ മുറിയ്ക്ക് കെട്ടിട നമ്പര് അനുവദിക്കുന്നതിനുള്ള അപേക്ഷ റിപ്പോർട്ട് ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന- ശ്രീ പ്രസന്നകുറുപ്പ് , കാഞ്ഞിരമണ്ണിൽ എന്നവരുടെ 4226/2024നമ്പർ കെട്ടിട നിർമാണ അപേക്ഷ.

ചെറുവണ്ണൂര് ഗ്രാമപഞ്ചായത്ത് വാർഡ് 11ൽ വിദ്യാഭ്യാസ ആവശ്യത്തിന് നിലവിലെ 396.36ച.മീ കെട്ടിടത്തോട് അനുബന്ധമായി ഈ ഓഫീസിൽ നിന്നും അനുവദിച്ച പെർമിറ്റ് പ്രകാരം നിർമിച്ച 45.5ച.മീ കെട്ടിടത്തിന് ഒക്യുപെൻസി അനുവദിക്കുന്നതിന് ശ്രീ പ്രസന്നകുറുപ്പ് കാഞ്ഞിരമണ്ണിൽ എന്നവര് 16/10/2024ന് ഈ ഓഫീസിൽ അപേക്ഷിച്ചിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ പ്രകാരം പഞ്ചായത്ത് വിഭാഗം എഞ്ചിനീയർ സൈറ്റും പ്ലാനും പരിശോധിച്ചതില് ചുവടെ പറയുന്ന അപാകതകള് 9/12/2024ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ ആകെ വിസ്തീർണ്ണം പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.
2. കവറേജ്. FSI എന്നിവ കണക്കാക്കിയതിൽ അപാകതയുണ്ട്. സ്ഥലത്തെ മുഴുവൻ നിർമ്മാണങ്ങളെയും കണക്കിലെടുത്ത് വേണം ഇവ കണക്കാക്കേണ്ടത്.
3. നിലവിലുള്ള ശുചിത്വ സംവിധാനങ്ങളുടെ കൃത്യമായ വിവരം പ്ലാനിൽ ഉൾപ്പെടുത്തേണ്ടതാണ്.

പ്രസ്തുത ന്യനതകള് 12/12/2024ന് അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്. പ്രസ്തുത ന്യൂനതകൾ പരിഹരിച്ച് ഫയല് പുന സമർപ്പിച്ചത് 16/1/2025നാണ്. 17/1/2025ന് പ്രസ്തുത ഫയൽ എഞ്ചിനിയറിംഗ് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ആയത് പ്രകാരമുള്ള റിപ്പോർട്ട് 28/2/2025 നാണ് ലഭ്യമായത് . നിലവിൽ പ്രസ്തുത നിർമാണത്തിന് 11/233 B നമ്പർ നൽകി ഫയൽ തീർപ്പാക്കിയിട്ടുണ്ട് . എന്നീ വിവരങ്ങൾ ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ ,

സെക്രട്ടറി

ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത്

സെക്രട്ടറി
ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത്
ചെറുവണ്ണൂർ പി.ഒ. 673524
ഫോൺ - 0496 - 2775520